# കേരള സർക്കാർ

**സംഗ്രഹം**

ധനകാര്യ വകുപ്പ് - കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംജാതമായ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാന സർവീസ് പെൻഷൻകാരുടെ/കുടുംബപെൻഷൻകാരുടെ മസ്റ്ററിംഗ് നടത്തുന്നതിനുള്ള തീയതി വീണ്ടും ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പെൻഷൻ-ബി) വകുപ്പ്**

**സ.ഉ(സാധാ) നം.3679/2021/ധന.** **തീയതി, തിരുവനന്തപുരം, 23/04/2021**

---

പരാമർശം:- 30/09/2020 തീയതിയിലെ സ.ഉ(സാധാ)നം.5600/2020/ധന

**ഉത്തരവ്**

കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ സംജാതമായ പ്രത്യേക സാഹചര്യത്തിൽ സംസ്ഥാന സർവീസ് പെൻഷൻകാരുടെ/കുടുംബപെൻഷൻകാരുടെ മസ്റ്ററിംഗ് നടത്തുന്നതിനുള്ള തീയതി 2021 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകി പരാമർശം പ്രകാരം ഉത്തരവായിരുന്നു. എന്നാൽ, കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗ ഭീഷണി നിലനിൽക്കുന്നതിനാൽ സംസ്ഥാന സർവീസ് പെൻഷൻകാരുടെ/കുടുംബപെൻഷൻകാരുടെ മസ്റ്ററിംഗ് നടത്തുന്നതിനുള്ള തീയതി വീണ്ടും ദീർഘിപ്പിച്ചു നൽകേണ്ട സാഹചര്യമാണ് നിലവിലുള്ളത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് മഹാമാരിയുടെ രണ്ടാം തരംഗ ഭീഷണി നിലനിൽക്കുന്നതിനാൽ സംസ്ഥാന സർവീസ് പെൻഷൻകാരുടെ/കുടുംബപെൻഷൻകാരുടെ മസ്റ്ററിംഗ് നടത്തുന്നതിനുള്ള കാലാവധി പരാമർശ ഉത്തരവിലെ വ്യവസ്ഥകൾ അനുസരിച്ച് 2021 സെപ്റ്റംബർ 30 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,
**അബ്ദുൾ ജലീൽ.എം**
അഡീഷണൽ സെക്രട്ടറി (ധനകാര്യം)

പകർപ്പ്:-

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II), കേരള, തിരുവനന്തപുരം

ഗവർണ്ണറുടെ സെക്രട്ടറി
മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർ
ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി
ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ ട്രഷറികളും, സബ് ട്രഷറികളും
ഡയറക്ടർ, പബ്ലിക് റിലേഷൻസ് വകുപ്പ്
നോഡൽ ഓഫീസർ, ധനകാര്യം (ctfmweb@gmail.com)
സ്റ്റേറ്റ് അഡ്മിനിസ്ട്രേറ്റർ, പ്രിസം (info.prism@kerala.gov.in)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഇ-ഫയൽ നമ്പർ 1544002)

ഉത്തരവിൻ പ്രകാരം

**സെക്ഷൻ ഓഫീസർ**